**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1098 12.06.2014 -ലെ മറുപടിയ്ക്ക്

# ഗവ. കോളേജുകളിലെ ഓണേഴ്സ് കോഴ്സ്

*ചോദ്യം*
ശ്രീ. കെ.കെ. ജയചന്ദ്രൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഗവൺമെന്റ് കോളേജുകളിൽ ഓണേഴ്സ് കോഴ്സ് തുടങ്ങിയിട്ടുണ്ട്; പ്രസ്തുത കോഴ്സ് ആരംഭിക്കാനുള്ള സാഹചര്യം വിശദീകരിക്കാമോ; | (എ) | ഓണേഴ്സ് ഡിഗ്രി അനുവദിച്ച നാല് സർക്കാർ കോളേജുകളിൽ മൂന്ന് കോളേജുകളിൽ 2013-14 അദ്ധ്യയന വർഷം ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് ഡിഗ്രി തലത്തിൽ ഓണേഴ്സ് കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചത്. |
| (ബി) | നിലവിലുള്ള കോഴ്സുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഗുണനിലവാരം ഉയർത്തുന്നതിനായി നിലവിലുള്ള ബിരുദ കോഴ്സിനേക്കാൾ മെച്ചപ്പെട്ട പാഠ്യപദ്ധതിയാണ് ഓണേഴ്സ് കോഴ്സിനുവേണ്ടി നടപ്പാക്കിയിട്ടുള്ളത്. |
| (സി) | ഓണേഴ്സ് കോഴ്സ് പഠിപ്പിക്കുന്നത് കരാർ അടിസ്ഥാനത്തിലുള്ള അദ്ധ്യാപകരാണോ; ഇതിനായി സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; | (സി) | നിലവിലുള്ള സ്ഥിര അദ്ധ്യാപകരും അതിഥി അദ്ധ്യാപകരും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. ഇതിനുവേണ്ടി സ്ഥിരം അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | കോഴ്സ് കോ-ഓർഡിനേറ്ററായി കോളേജിലെ വകുപ്പ് മേധാവിക്ക് പകരം വിരമിച്ച അദ്ധ്യാപകരെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | വിരമിച്ച അദ്ധ്യാപകരുടെ അദ്ധ്യാപന പരിചയം പുതിയ തലമുറയിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയാണ് വിരമിച്ച അദ്ധ്യാപകരെ കോ-ഓർഡിനേറ്ററായി നിയമിച്ചത്. പത്ര പരസ്യത്തിലൂടെ ലഭിച്ച |

| | | | |
|---|---|---|---|
| | | | അപേക്ഷകരിൽ നിന്നു ഇന്റർവ്യൂ നടത്തിയാണ് കോ-ഓർഡിനേറ്റർമാരായി നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ